**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2690** **06-10-2025 - ൽ മറുപടിയ്ക്ക്**

**കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു .<br><br>അസംസ്കൃത വസ്തുവായ ചകിരിനാരിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിനും, സമയബന്ധിതമായി ആവശ്യമായ അളവിൽ ചകിരിനാരു ലഭ്യമാക്കുന്നതിനും താഴെ പറയുന്ന പദ്ധതികൾ കയർ വകുപ്പിന് കീഴിൽ ഏകോപിപ്പിച്ചു നടപ്പിലാക്കി വരുന്നു.<br><br>**<u>1. കയർ ഫൈബർ ബാങ്ക് പദ്ധതി</u>**<br><br>ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതിക്കായി 5 കോടി രൂപയുടെ ഭരണാനുമതിയും ആദ്യഗഡുവായി 1.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br><br>**<u>2.കയർ റിവോൾവിംഗ് ഫണ്ട്പദ്ധതി</u>**<br><br>ഈ പദ്ധതിയിലൂടെ കയർ സംഘങ്ങൾക്കും, മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾക്കും കയറിന്റെയും ഉൽപ്പന്നങ്ങളുടെയും വില സമയബന്ധിതമായി നൽകാൻ സാധിക്കുന്നു. അതുവഴി ഉൽപ്പാദനവും തൊഴിൽ ദിനങ്ങളും വർദ്ധിപ്പിക്കാനും തൊഴിലാളികൾക്ക് കൂലി സമയബന്ധിതമായി നൽകാൻ സാധിക്കും. ഈ പദ്ധതിയ്ക്കായി 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>**<u>3. വരുമാനം ഉറപ്പാക്കൽ പദ്ധതി</u>**<br><br>ഈ പദ്ധതിയുടെ കീഴിൽ ഈ സാമ്പത്തിക വർഷം പരമ്പരാഗത കയർ തൊഴിലാളികളുടെ ദിവസക്കൂലിയിലെ സർക്കാർ വിഹിതമായ 110/- രൂപ അനുവദിച്ച് നൽകുന്നതിനായി അനുവദിച്ച 13 കോടി രൂപയിൽ 6.5 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |

**4. ഫോക്കസ് 50 പദ്ധതി**

നിലവിൽ പ്രവർത്തിക്കുന്ന കയർ സംഘങ്ങളെ തിരഞ്ഞെടുത്ത് ലാഭകരമാക്കി മാറ്റുക, പ്രവർത്തനം നിലച്ച സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതനിനായി അർഹതയനുസരിച്ചുള്ള പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച ഫോക്കസ് 50 പദ്ധതി പ്രകാരം നടപ്പ് സാമ്പത്തിക വർഷം 4.34 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

**5.DF യൂണിറ്റുകൾ, ASM യൂണിറ്റുകൾ, ചെറുകിട തറി ഉടമകളുടെ തറികൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്കായുള്ള പദ്ധതികൾ.**

കയർ സംഘങ്ങളിൽ സ്ഥാപിച്ച ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളുടെയും ഡീഫൈബറിംഗ് മെഷീനുകളുടെയും അറ്റകുറ്റപ്പണികളും സാങ്കേതികമായ പരിഷ്കരണങ്ങളും യഥാസമയം ഏറ്റെടുത്ത് നടത്തുന്നതിനുള്ള പദ്ധതി കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി വഴി നടപ്പിലാക്കി വരുന്നുണ്ട്.

നിലവിൽ 750 ASM മെഷീനുകൾ Maintenance ചെയ്യാൻ തീരുമാനിക്കുകയും അതിൽ 465 എണ്ണം Maintenance പൂർത്തീകരിക്കുകയും ചെയ്തു. ഇതിന്റെ പൂർണ്ണമായ ചെലവ് സർക്കാർ വഹിക്കുന്നു. അറ്റകുറ്റപണികൾ നടത്തുന്നതിനോടൊപ്പം മെഷീൻ ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിനുള്ള പരിശീലനവും കമ്പനി നൽകി വരുന്നു. അതുവഴി കയറിന്റെ ഉത്പാദനവും തൊഴിൽ ദിനങ്ങളും വർദ്ധിച്ചിട്ടുണ്ട്.

**6. മാനേജീരിയൽ സബ്സിഡി**

ഈ സാമ്പത്തിക വർഷം നാളിതുവരെ 1.09 കോടി രൂപ മാനേജീരിയൽ സബ്സിഡി ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ട്.

**7. ഇൻവെസ്റ്റ്മെൻറ് സബ്സിഡി & വൈദ്യുതി സബ്സിഡി**

പ്രൈവറ്റ് ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് നടപ്പ സാമ്പത്തിക വർഷം ഇൻവെസ്റ്റ്മെന്റ് സബ്സിഡി 50 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. 150 കയർ സഹകരണ സംഘങ്ങൾക്ക് വൈദ്യുതി സബ്സിഡിയിനത്തിൽ ഈ സാമ്പത്തിക വർഷം 8.36 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

**8. ഉല്പാദനവും വിപണന പ്രചോദനവും പദ്ധതി**

ഈ പദ്ധതി പ്രകാരം, 2024-25 സാമ്പത്തിക വർഷം 392 സംഘങ്ങൾക്ക് 6.4 കോടി രൂപയും ഈ സാമ്പത്തിക വർഷം നാളിതുവരെ 154 സംഘങ്ങൾക്ക് 3.15 കോടി രൂപയും വിതരണം ചെയ്തിട്ടുണ്ട്.

**9. വിപണി വികസന സഹായ പദ്ധതി**

ഈ പദ്ധതി പ്രകാരം 2025-26 സാമ്പത്തിക വർഷം സംസ്ഥാന വിഹിതമായ 10 കോടി രൂപയിൽ 5 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.

**10. ക്രയവില സ്ഥിരതാ പദ്ധതി**

2024-25 സാമ്പത്തിക വർഷം കയർഫെഡിനും, കയർ കോർപ്പറേഷനും കൂടി ആകെ 42.05 കോടി രൂപ ഈ പദ്ധതി പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

**11. ഗ്രാറ്റുവിറ്റി ഒറ്റതവണ തീർപ്പാക്കൽ പദ്ധതി**

കയർ സൊസൈറ്റികളിലെ പി.എഫ്, ഇ എസ് ഐ, ഗ്രാറ്റുവിറ്റി, തൊഴിലാളിക്ഷേമ സംഭാവന എന്നിവയുടെ ഭാഗമായി തൊഴിലുടമയുടെ കുടിശ്ശിക തീർക്കുന്നതിനുള്ള പദ്ധതിക്കായി 200 ലക്ഷം സംസ്ഥാന ബഡ്ജറ്റിൽ വകയിരിത്തിട്ടുണ്ട്. ഇതിൽ ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണത്തിനായി ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**12. വൈവിധ്യവൽക്കരണം**

കയർ ഉൽപ്പന്ന മേഖലകളിലെ വൈവിധ്യവത്ക്കരണത്തിനായി സർക്കാർ പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. . ഇന്ത്യയിലെ തന്നെ പ്രമുഖ ഗവേഷണ സ്ഥാപനമായ ഭോപ്പാലിലെ National Institute of Design-മായി ചേർന്നാണ് ടി പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതിനുള്ള പരിശീലനം നൽകുന്നതിനു മുന്നോടിയായി കയർ മേഖലയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, കയർ എക്സ്പോർട്ടർമാർ, കയർ തൊഴിലാളികൾ, National Institute of Design , National Institute of Fashion Technology , കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്നിവയുടെ പ്രതിനിധികൾ ഒത്തുചേർന്ന് പരിശീലന പരിപാടിയുടെ കരിക്കുലം തയ്യാറാക്കി. പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ഒരു Product Research and Design Centre കയർ കോർപ്പറേഷനിൽ ആരംഭിച്ചു. കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ ആദ്യഘട്ടമായി 465 പേർക്ക് ദിവസം 600 രൂപ സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകിക്കഴിഞ്ഞു.

| | | | |
|---|---|---|---|
| | | | പരിശീലനം ലഭിച്ച തൊഴിലാളികളെ ഉൾപ്പെടുത്തി കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ പിന്തുണയോടു കൂടി ഒരു കയർ ഉൽപ്പന്ന നിർമ്മാണ സൊസൈറ്റി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം കയർ തൊഴിലാളികളുടെ സംരംഭക സാധ്യത പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾക്ക് കയർ കോർപ്പറേഷൻ വഴി ധനസഹായം നൽകുന്ന മറ്റൊരു പദ്ധതി കൂടി പരിഗണനയിലാണ്. ഇതിനുപുറമേ പരിശീലനം ലഭിച്ച തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി ഒരു കോമൺ ഫെസിലിറ്റി സെന്ററിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.<br><br>**<u>13. വ്യാവസായിക അടിസ്ഥാനത്തിൽ കയർ പിത്ത് ഉല്പാദനവും വിപണനവും പദ്ധതി.</u>**<br><br>ചകിരി ഉല്പാദന മേഖലയിലെ ഉപ ഉൽപ്പന്നമായ കയർ പിത്തിന്റെ വ്യവസായിക സാധ്യത കണക്കിലെടുത്ത് അതിന്റെ ഉല്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിന് 5 കോടിയുടെ ഒരു പദ്ധതി 25-26 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**<u>14. ഇൻഷ്വറൻസ് പദ്ധതി.</u>**<br><br>ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഡീഫൈബറിംഗ് യൂണിറ്റ് എന്നീ യന്ത്രവൽകൃത കയർ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് ആക്സിഡന്റ് ഇൻഷ്വറൻസും ആശുപത്രി ചികിത്സയും നൽകുന്ന ഒരു ഇൻഷ്വറൻസ് പദ്ധതി 1000 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ട് 2025 ആഗസ്റ്റ് മാസം നടപ്പിലാക്കി. ഈ പദ്ധതി പ്രകാരം തൊഴിലിടങ്ങളിൽ ഉണ്ടാകുന്ന അപകടങ്ങൾക്ക് ആശുപത്രി ചെലവായി 1 ലക്ഷം രൂപയുടെ ക്യാഷ് ലെസ്സ് സൗകര്യവും, പൂർണ്ണമായോ ഭാഗികമായോ ഉള്ള അംഗവൈകല്യം, മരണം എന്നിവ സംഭവിച്ചാൽ 3 ലക്ഷം രൂപയുടെ പരിരക്ഷയും ലഭിക്കുന്നു. കൂടാതെ, കയർ ക്ഷേമനിധി ബോർഡ് വഴി കയർ തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് നടപ്പിലാക്കുന്നതിനായി 17.40 ലക്ഷം രൂപയുടെ പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | കയർ ഉല്പാദിപ്പിക്കുന്നതിന് ആവശ്യമായ ചകിരി ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് വിശദമാക്കാമോ? | (ബി) | ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള ഫൈബർ ബാങ്ക് പദ്ധതിക്കായി നടപ്പ സാമ്പത്തികവർഷത്തിൽ 5 കോടി രൂപയുടെ ഭരണാനുമതിയും ആദ്യഗഡുവായി 1.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്.<br>"ഇൻവെസ്റ്റ്മെൻറ് സബ്സിഡി" പദ്ധതി വഴി ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന് |

| | | | |
|---|---|---|---|
| | | | സബ്സിഡിയോടെ ധനസഹായം നൽകുന്നു. പ്രൈവറ്റ് ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് നടപ്പു സാമ്പത്തിക വർഷം ഇൻവെസ്റ്റ്മെന്റ് സബ്സിഡി ഇനത്തിൽ 50 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ